**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക-ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | നെൽകൃഷിയുടെ വിസ്തൃതി , ഉല്പാദനക്ഷമത എന്നിവ വർധിപ്പിക്കുന്നതിനും അതുവഴി പരമാവധി ഉല്പാദനം കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തി വരുന്നത്. അത്യുല്പാദനശേഷിയുള്ള നെൽവിത്ത്, ഗുണമേന്മയുള്ള മറ്റ് ഉല്പാദനോപാധികൾ എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കിയും കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചും ശാസ്ത്രീയ കൃഷിപരിപാലന മുറകൾ കൈക്കൊള്ളുന്നതിന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകിയും നെൽ കർഷകർക്ക് മെച്ചപ്പെട്ട ഉല്പാദനവും വരുമാനവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അവയുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | വിത്ത്, വളം, സാങ്കേതിക സഹായങ്ങൾ, വായ്പ എന്നിവ യഥാസമയം ലഭിക്കാത്തതുകൊണ്ടും തൊഴിലാളികളുടെ സേവനം ആവശ്യാനുസരണം ലഭ്യമാകാത്തതിനാലും നെൽകർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | നെൽ കർഷകർക്ക് ഗുണമേന്മയുള്ള നെൽ വിത്ത് സമയബന്ധിതമായി ലഭ്യമാക്കാനായി നെൽകൃഷി സീസൺ ആരംഭിക്കുന്നതിനു മുൻപു തന്നെ ആവശ്യമായ വിത്തിന്റെ ഇന്റന്റ് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ അറിയിക്കുന്നതിനും, അപ്രകാരം ആവശ്യപ്പെടുന്ന നെൽവിത്ത് സമയബന്ധിതമായി കൃഷി ഭവനുകളിൽ ലഭ്യമാക്കുന്നതിനും ഉള്ള ഏർപ്പാടുകൾ നടത്തിയിട്ടുണ്ട്. വളത്തിന്റെ ആവശ്യകത, ലഭ്യത എന്നിവ കൃത്യമായി അവലോകനം നടത്തുകയും ആയതിന്റെ വിവരങ്ങൾ കേന്ദ്രസർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ സമയബന്ധിതമായി വളം കേന്ദ്രത്തിൽ നിന്നും ലഭ്യമാകാത്ത സാഹചര്യം ഉണ്ട്. ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ ക്ഷാമം നെൽകർഷകർ നേരിട്ടുവരുന്ന ഒരു പ്രശ്നമാണ്. നെൽകൃഷിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിച്ചും കാർഷിക |

| | | | |
|---|---|---|---|
| | | | കർമ്മസേനകൾ രൂപീകരിച്ചും കൃഷി വകുപ്പ് ഈ പ്രതിസന്ധി നേരിടുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. കൃഷി ഭവനുകൾ മുഖാന്തിരം നെൽ കർഷകർക്ക് സാങ്കേതിക ഉപദേശം നൽകുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ വിദഗ്ധോപദേശത്തിനായി കാർഷിക സർവ്വകലാശാലയിലെ വിദഗ്ധർ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (MDDT) നിലവിലുണ്ട്. ബാങ്കേഴ്സ് കമ്മിറ്റി യോഗങ്ങളിൽ കാർഷിക വായ്പ സംബന്ധിച്ച വിഷയങ്ങൾ ബാങ്ക് അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികളും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കേതിക, വിദഗ്ദ്ധ ഉപദേശങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ കാർഷിക ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കാർഷിക സർവകലാശാലയിൽ നിലവിൽ ചുവടെ ചേർത്തിരിക്കുന്ന മികവിന്റെ ആറു കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.<br><br>1. നെല്ലിലെ മികവിന്റെ കേന്ദ്രം<br><br>2.സമുദ്രനിരപ്പിന് താഴെയുള്ള കൃഷിയിലെ മികവിന്റെ കേന്ദ്രം.<br><br>3. സൂക്ഷ്മ ജീവ സാങ്കേതിക വിദ്യയിൽ മികവിന്റെ കേന്ദ്രം.<br><br>4. കാർഷിക യന്ത്രവൽക്കരണ വിപുലീകരണ സേവനങ്ങളിലും ഗവേഷണ വികസനത്തിലും മികവിന്റെ കേന്ദ്രം.<br><br>5. ഹൈടെക് ഹോർട്ടികൾച്ചറിലും സംരക്ഷിത കൃഷിയിലും മികവ് പുലർത്തുന്ന കേന്ദ്രം.<br><br>6.വിള സംസ്കരണത്തിനുള്ള മികവിന്റെ കേന്ദ്രം.<br><br>2022-23 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന മികവിന്റെ 5 കേന്ദ്രങ്ങൾ തുടങ്ങുന്ന വിഷയം പരിശോധിച്ചുവരുന്നു.<br><br>സെന്റർ ഓഫ് എക്സലൻസ് ഇൻ ഫ്രണ്ടിയർ ടെക്നോളജി ഇൻ അഗ്രികൾച്ചർ<br><br>സംയോജിത സസ്യപരിപാലന ത്തിനായുള്ള മികവിന്റെ കേന്ദ്രം<br><br>ചെറുകിട കാർഷിക യന്ത്രവത്കരണ ത്തിൽ മികവിന്റെ കേന്ദ്രം<br><br>വിള സംസ്കരണത്തിനുള്ള മികവിന്റെ കേന്ദ്രം |

| | | | |
|---|---|---|---|
| | | | ജൈവ കൃഷിയിൽ മികവിന്റെ കേന്ദ്രം<br><br>ഇത് കൂടാതെ നൂതനസാങ്കേതികവിദ്യ വികസനത്തിനായുള്ള ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കാനുള്ള ശുപാർശ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പരിഗണയിലാണ്. |

സെക്ഷൻ ഓഫീസർ